പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ : 3360 24.06.2013-ൽ മറുപടിക്ക്

സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ ലാഭം/നഷ്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ലാഭകരമാണോ എന്ന് വെളിപ്പെടുത്തുമോ;

(എ) കേരള സംസ്ഥാന ബിവറേജസ് കേർപ്പറേഷൻ, ഓരോ വർഷവും ലാഭകരമായാണ് പ്രവർത്തിക്കുന്നത്. കോർപ്പറേഷന്റെ മുൻ വർഷങ്ങളിലെ ലാഭത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | ലാഭം (ഇൻകംടാക്സ് നൽകിയതിനു ശേഷം (കോടിയിൽ) |
|---|---|
| 2009-10 | 172 |
| 2010-11 | 150 |
| 2011-12 | 55 (ഓഡിറ്റിന് മുൻപ്) |

(ബി) 2012-13 സാമ്പത്തിക വർഷത്തെ ലാഭം / നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2012-13 സാമ്പത്തികവർഷത്തിൽ, 12 കോടി രൂപ (ഇൻകംടാക്സ് നൽകിയത് ഉൾപ്പെടെ) ലാഭമായി ലഭിച്ചു.

(സി) 2012-13 - ൽ എത്ര രൂപയാണ് ബിവറേജസ് കോർപ്പറേഷനിലെ വിറ്റുവരവ് എന്ന് വ്യക്തമാക്കുമോ;

(സി) 2012-13 സാമ്പത്തികവർഷത്തിൽ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, 8818 കോടി രൂപയുടെ മദ്യവില്പന നടത്തിയിട്ടുണ്ട്.

(ഡി) 2012-13 ൽ വിവിധ ചെലവുകൾക്കായി എത്ര തുകയായി എന്ന വിവരം ലഭ്യമാക്കുമോ;

(ഡി) 2012-13 സാമ്പത്തികവർഷത്തിൽ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ 8818 കോടി രൂപയുടെ മദ്യവില്പന നടത്തിയതിൽ, 7240 കോടി രൂപ നികുതി ഇനത്തിലും മറ്റുമായി സർക്കാർ ഖജനാവിലേയ്ക്ക് നൽകി. മദ്യവിതരണക്കാരിൽ നിന്നും മദ്യം വാങ്ങിയതും, അതിനോടനുബന്ധിച്ചുള്ള മറ്റു ചെലവുകളും കഴിച്ച് 12 കോടി രൂപ ലാഭമായി കോർപ്പറേഷന് ലഭിച്ചു

| | | | |
|---|---|---|---|
| (ഇ) | വിദേശമദ്യ വില്പന സംസ്ഥാനത്ത് കൂടുകയാണോ, കുറയുകയാണോ എന്ന് വെളിപ്പെടുത്തുമോ; | (ഇ) | ടി കോർപ്പറേഷന്റെ, കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ മദ്യവില്പനയുടെ തോത് ചുവടെ ചേർക്കുന്നു. |

| ഇന്ത്യൻ-നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പന- അളവിന്റെ അടിസ്ഥാനത്തിൽ | | |
|---|---|---|
| വർഷം | വില്പന (കെയ്സുകൾ- ലക്ഷത്തിൽ | മുൻവർഷത്തെ അപേക്ഷിച്ച് വില്പനയുടെ വർദ്ധനവ് (ശതമാനത്തിൽ) |
| 2010-11 | 217.41 | 16% |
| 2011-12 | 241.78 | 11% |
| 2012-13 | 244.33 | 01% |
| 2013-14<br><br>2013 ഏപ്രിൽ മുതൽ 2013 മേയ് വരെ 42.48 ലക്ഷം കെയ്സുകൾ (2012 ഏപ്രിൽ മുതൽ 2012 മേയ് വരെയുള്ള 42.79 ലക്ഷം കെയ്സുമായി താരതമ്യം ചെയ്യുമ്പോൾ) | 42.48 | -01% |

മുകളിൽ നൽകിയിരിക്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ, 2013-14 ലെ വില്പനയെ, മുൻ വർഷങ്ങളിലെ വിൽപ്പനയുമായി താരതമ്യം ചെയ്യുമ്പോൾ, ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില്പന (അളവിന്റെ അടിസ്ഥാനത്തിൽ) 16% കാണിച്ചിരുന്നത് -1% കുറയുകയും, അപ്രകാരം 17% ഇടിവ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (എഫ്) | മദ്യത്തിന്റെ ദൂഷ്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്താൻ 2012-13 ൽ കോർപ്പറേഷൻ എത്ര തുക ചെലവിട്ടെന്നും, എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി എന്നും വെളിപ്പെടുത്തുമോ? | (എഫ്) | മദ്യവിരുദ്ധബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി, 2012-13 സാമ്പത്തിക വർഷം, ബിവറേജസ് കോർപ്പറേഷൻ തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ, ഡി-അഡിക്ഷൻ സെന്ററുകൾക്ക് ധനസഹായം നൽകുന്നതിലേക്കായി 3.50 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ